# പ്രതികരണങ്ങൾ — 24



പ്രതികരണങ്ങൾ — 24
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Landscape with Farmhouses and Palm Trees, a painting by Camille Pissarro (1830–1903). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## വി. രവികുമാർ: പൂർണ്ണ ചന്ദ്രനും ചൂണ്ടുവിരലും (സെൻ കഥകൾ)

**തോമസ് അബ്രഹാം:** പൂർണ ചന്ദ്രനും ചൂണ്ടുവിരലും.

ഇതിൽ ചിത്രശലഭംമായി മാറുന്ന കഥക്ക് വേറൊരു രീതിയിൽ കാഫ്ക യുടെ മെറ്റാമോർഫോസിസ് എന്ന ക്ലാസ്സിക് കഥയുമായി സാമ്യം കാണുന്നു.

## കെ. എച്ച്. ഹുസൈൻ: ഡിജിറ്റൽ കാലത്തെ മലയാള അക്ഷരങ്ങൾ

**വത്സലൻ വാതുശ്ശേരി:** വായിച്ചു. അഭിവാദ്യങ്ങൾ, ഹുസൈൻ സർ.

**കെ. സച്ചിദാനന്ദൻ:** എന്നും കൂടെ.

**കെ. ജി. എസ്.:** സൗന്ദര്യത്തിലേക്ക്
എത്രയെത്ര ലിപികൾ.

**ലിസ്സി മാത്യു:** പുതിയ ലിപി പരീക്ഷിക്കുന്നു. സന്തോഷം, അഭിമാനം, സ്നേഹം.

**ടി. ആർ. വേണുഗോപാലൻ:** മലയാളത്തനിമയുള്ള ലിപികൾ എത്ര സുന്ദരം. ഹുസൈനും ടീമിനുമിത് അഭിമാനനേട്ടം. കേരളപ്പിറവി ദിനത്തിൽ പുത്തൻ ലിപി സൗന്ദര്യോദയം.

**ജയചന്ദ്രൻ:** പുതിയ ലിപി മനോഹരം!! അഭിനന്ദനങ്ങൾ, അഭിവാദ്യങ്ങൾ.

**അല്ലക്ക അബ്ദുൽ ഗഫൂർ:** കേരളപ്പിറവി ദിനത്തിൽ മറ്റൊരു പിറവി കൂടി—എഴുത്ത്.

ഈ ഫോണ്ടിന്റെ സൃഷ്ടിയിൽ പങ്കാളികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സത്യൻ:** 'എഴുത്തി'നെ കുറിച്ചൊരെഴുത്ത്

ഓരോ മനുഷ്യരുടെയും കൈയ്യക്ഷരങ്ങൾ വ്യത്യസ്തമാണ്. അതിൽ ഏറ്റവും നല്ല അക്ഷരങ്ങളെ ഫോണ്ടുകളാക്കുകയെന്ന (പകർപ്പെടുക്കാനുള്ള അക്ഷരസഞ്ചയം) കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനം അതീവ ക്ഷമയാവശ്യമുള്ള ക്ലേശകരമായ യജ്ഞമാണ്. നിരന്തരമായ ഇരിപ്പ്. അക്ഷരങ്ങളെ കുറിച്ചുള്ള തീർച്ചയും മൂർച്ചയുമുള്ള അത്യുന്നതമായ സൗന്ദര്യബോധവും അതിന്റെ സാക്ഷത്ക്കാര ശ്രമത്തിലെ ഭാഷാ സ്നേഹതൽപ്പരയും ഏറെ പ്രാധാന്യമുള്ളതും അത്യുന്നതമായ അഭിനന്ദനമർഹിക്കുന്നതുമാണ്.

ഇവിടെ പ്രശസ്ത കൈയക്ഷര വിദഗ്ധനായ നാരായണ ഭട്ടതിരിയുടെ പ്രത്യേക രീതിയിലും സൗന്ദര്യത്തികവിലും വിരിഞ്ഞ അസാധാരണ മട്ടിൽ ഉരുണ്ട് വടിവാർന്ന് നൃത്തം ചെയ്ത് വീഴുന്ന മഞ്ഞുതുള്ളിയുടെ ചേലുള്ള കൈയ്യക്ഷരത്തെ കമ്പ്യൂട്ടറിൽ ഉപയോഗിക്കാനും അച്ചടിക്കാനുമുള്ള മനോഹര അക്ഷര സഞ്ചയമാക്കി മലയാളപ്പിറവിദിനത്തിൽ നമ്മുടെ ജനങ്ങളുപയോഗിക്കുന്ന ഭാഷയുടെ ചിരസ്മരണക്കും പ്രയോഗത്തിനുമായി ജീവരൂപം നൽകിയത് ലോകപ്രശസ്ത ഫോണ്ടോളജിസ്റ്റായ ഹുസൈനും (ഇദ്ദേഹമാണ് കേരളത്തിന്റെ കമ്പ്യൂട്ടർ അധിഷ്ഠിത ഫോണ്ട് നിർമ്മാണത്തിന്റെയും ഭാഷാ സാങ്കേതികതയുടേയും ഉപജ്ഞാതാവ്. ഇദ്ദേഹത്തിന്റെ 'രചന'യിൽ നിന്നാണ് ശ്രേഷ്ഠമലയാളാക്ഷരങ്ങൾ കമ്പ്യൂട്ടർ സാങ്കേതികതയിലൂടെ രൂപം കൊള്ളുന്നത്. ബെഞ്ചമിൻ ബെയ്‌ലി നമ്മുടെ അച്ചടി അക്ഷരങ്ങൾ നിർമ്മിച്ചതിലും ഉയർന്ന തലത്തിലാണ് ഹുസൈന്റെ ഡിജിറ്റൽ ലോകത്തെ പ്രവർത്തനങ്ങൾ! ആധുനിക ബെയ്‌ലിയെന്ന് ഉറപ്പിച്ച് പറയാവുന്ന വ്യക്തി) രജീഷ് കെ. നമ്പ്യാരുമാണ് ഈ എഴുത്ത് ഫോണ്ടിന്റെ ടൈപ്പോഗ്രഫി നിർവ്വഹിച്ചിരിക്കുന്നതെന്ന വസ്തുത എന്നെ ഏറെ സന്തോഷിപ്പിക്കുന്നു.

സി. വി. രാധാകൃഷ്ണനെന്ന ലോകപ്രസിദ്ധ എഡിറ്റിംഗ് സങ്കേതിക വിദഗ്ധനായ, ടൈപ്പോഗ്രാഫിയിൽ പുതുസംരഭ തൃഷ്ണയുള്ള സി. വി. രാധാകൃഷ്ണനെന്ന ഭാഷാ സ്നേഹിയുടെ നേതൃത്വത്തിലുള്ള രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫിയുടെ നിർവ്വഹണ പരിരക്ഷ ഈ മനോഹര ഫോണ്ടിനെ തുടർന്ന് പുതുപുതു അലങ്കാര ഫോണ്ടുകളും തലക്കെട്ട് ഫോണ്ടുകളും മലയാള ഭാഷയ്ക്ക് ലഭിക്കുമെന്നതും വലിയ പ്രതീക്ഷയായി വളരുന്നത് അക്ഷര സൗന്ദര്യ പ്രിയർക്ക് കൂടുതൽ പ്രതീക്ഷ നൽകുന്നുണ്ട്.

കൈയ്യക്ഷരത്തെ ഫോണ്ടാക്കാനുള്ള ഡോ. കെ. എച്ച്. ഹുസൈന്റെ പരിധികളില്ലാത്ത പരിശ്രമങ്ങളുടെ ഒരു സൽരൂപമാണ് 'എഴുത്ത്' സി. വി. ഗംഗാധരൻ, കെ. എച്ച്. ഹുസൈൻ, രജീഷ്, കെ. നമ്പ്യാർ, നാരായണ ഭട്ടതിരി എന്നിവരോട് എന്റെ ഭാഷയ്ക്ക് വേണ്ടി അതീവ നന്ദിരേഖപ്പെടുത്തുന്നു.

വളരെ അഭിമാനത്തോടെ അവർക്കെല്ലാവർക്കും ആദരവ് രേഖപ്പെടുത്തുന്നു.

കേരളപ്പിറവി ദിനത്തിൽ കലാപരിപാടികൾ സംഘടിപ്പിക്കുക വളരെയെളുപ്പമാണ്. എന്നാൽ നമ്മുടെ ഭാഷയ്ക്ക് പുതിയ അലങ്കാര അക്ഷര സഞ്ചയം രൂപപ്പെടുത്തുന്നതാണ് ഭാഷയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ സംഭാവന.

അതെ ഈ അക്ഷരങ്ങളിലും നമ്മൾ പ്രസാധന ലോകത്തേക്ക്, എഴുത്ത് ലോകത്തേക്ക്, അച്ചടി ലോകത്തേക്ക് വ്യാപിപ്പിക്കുമ്പോൾ അതിന്റെ മനോഹാരിത കൂടി മലയാളത്തിന് ലഭിക്കുമ്പോൾ, ഓരോ ഭാഷാ സ്നേഹിക്കും കൂടുതൽ അഭിമാനിക്കാം.

സന്തോഷ തള്ളിച്ച കൊണ്ട് എന്റെ ആമുഖത്തിന് ദൈർഘ്യം കൂടിപ്പോയതിൽ ക്ഷമിച്ചാലും.

കേരളപ്പിറവി ദിനത്തിന് ഉപഹാരമായി
'എഴുത്ത്'
'എഴുത്തിന്റെ ചേല് കണ്ടാലും'

**വസന്തൻ:** 'എഴുത്ത്' സ്രഷ്ടാക്കളോട് സ്നേഹം.

**അബ്ദുൾ ഖാദർ:** എഴുത്തുകാരോട് സ്നേഹം ബഹുമാനം.

**സദാനന്ദൻ:** ഹുസൈന് എല്ലാ പിന്തുണയും.

**തോമസ് അബ്രഹാം:** കലിഗ്രഫിയും ഫോണ്ടുകളെപ്പറ്റിയുള്ള ലേഖനം പുതിയ അറിവുകൾ തന്നു. കലിഗ്രഫി അറബ് സംസ്കാരത്തിന്റെ ആവിഷ്കാരമായിട്ടാണ് മനസിലാക്കിയിരുന്നത്. ജോമതിയ രൂപങ്ങൾ കലിഗ്രഫിക്ക് മുദ്രകൾ ഇവയല്ലാതെ ഒന്നും ഇസ്ലാം സമ്മതിക്കാറില്ല എന്നു ഞാൻ കരുതുന്നു. ചിലപ്പോൾ ഇത് ശരിയല്ലായിരിക്കും. ഒരേ അച്ചുകൂടത്തിൽ വാർത്തു എടുക്കുന്നതായിരിക്കാം കുഴപ്പം.

എന്റെ അച്ഛൻ പഴയ കൂട്ടക്ഷരം ആണ് ഉപയോഗിച്ചിരുന്നത്. കൂട്ടിക്കൂട്ടി അങ്ങ് എഴുതിപ്പോവും. അച്ഛന്റെ അച്ഛന്റെ കാലത്ത് നാനം മോനാ എന്ന ഒരു ഭാഷയിലും സംസാരിക്കുമായിരുന്നു. തമിഴും, പഴയ മലയാളം, സാൻസ്ക്രിറ്റ് ചേർന്ന് ഒരു സങ്കരം. സ്വന്തമായി ലിപിയുമുണ്ടായിരുന്നു. അച്ഛന്റെ കാലമായപ്പോൾ പൂർണ്ണമായും ഇല്ലാതായി. തീവ്രമരിയ ഭക്തനായ ഈ ഭാഷയിൽ ഉള്ള അച്ഛൻ പാടിയിരുന്ന ഒരു ഭക്തി ഗാനത്തിന്റ പല്ലവി മാത്രം ഓർക്കുന്നു.

ശർവാനാഥൻ ഉരുവി സൃഷ്ടി ചെയ്യും മുന്നാമേ
ദിവ്യ രൂപമായി നിർമിച്ച മാതൃ മരിയെ.

ആനന്ദ ഭൈരവി രാഗത്തിൽ ആണ് പാടിയിരുന്നത്.

ഫോണ്ടുകളുടെ പ്രശ്നം പറഞ്ഞാൽ ഞങ്ങളുടെ കാലത്തു കൈയ്യെഴുത്തു വിദ്യാർത്ഥികൾക്കു പരീക്ഷണത്തിന്റെ ഒരു വിള നിലമായിരുന്നു. ഇതാണ് ഞങ്ങൾ ചെയുന്നതെന്നു ആരും പറഞ്ഞു തരുവാൻ ഉണ്ടായിരുന്നില്ല. കലിഗ്രഫിക് കല മലയാളത്തെ മോടി പിടിപ്പിക്കട്ടെ. അതു പോലെ തന്നെ ഒരു കലാരൂപം എന്ന് അംഗീകരിച്ച പ്രഥമ സ്ഥാനം കൊടുക്കട്ടെ.

**രാജൻ പടുതോൾ:** മലയാളത്തിന്റെ പിതാക്കൾ

"ആരാണെഴുത്തച്ഛൻ? എന്റെ
ഭാഷാപിതാ-
വദ്ദേഹമാണെന്നു സാക്ഷരതാക്ലാസ്സി-
ലദ്ധ്യാപകൻ തീർച്ച ചൊന്നു-ക്ഷമിച്ചു ഞാൻ
അദ്ധ്യാത്മരാമായണമല്ലോ ജീവിതം!

ഉപ്പു നോക്കാൻ പോലുമാനന്ദമില്ലാത്തൊ-
രിപ്പാപി കുലിക്കു പേശുന്ന ഭാഷയ്ക്കു-
മപ്പനുണ്ടെന്നു പറയുന്ന കോവിദാ,
അല്പത്തമിത്രയ്ക്കു മൂത്താൽ ചിതം വരാ"

(കെ. ആർ. ടോണി, ഒരു പ്രതിസാഹിത്യവിചാരം).

ഭാഷാദ്ധ്യാപകനായ ടോണിക്ക് എഴുത്തച്ഛനോട് അനാദരവുണ്ടാവില്ല. എന്നാലും ഭാഷയുടെ പൈതൃകത്തെപ്പറ്റി അദ്ദേഹം ഉന്നയിക്കുന്ന ചോദ്യത്തിലെ പരിഹാസം മൂർച്ചയുള്ളതാണ്. എഴുത്തച്ഛൻ ഭാഷയുടെ പിതാവാകുന്നത് കവികൾക്കു മാത്രമാണ്. അതും ഇന്ന് ആരും നിസ്സംശയം പറയുമെന്നു തോന്നുന്നില്ല. മലയാളത്തിന്റെ തമിഴ് തായ് വഴിയെ പാർശ്വവൽക്കരിക്കുകയായിരുന്നു എഴുത്തച്ഛൻ എന്നൊരു ശക്തമായ പ്രതിപക്ഷവാദം ഇന്ന് സജീവമാണ്.

നമ്മുടെ വ്യവഹാരഭാഷയിൽ എഴുത്തച്ഛന്റെ സ്വാധീനം വളരെക്കുറവാണ്. ദക്ഷിണേന്ത്യൻ ഭാഷകളുടെ ഉടപ്പിറന്നവളാണ് നാം സംസാരിക്കുന്ന മലയാളം. നീയും ഞാനും നിങ്ങളും നമ്മളും അവനുമവളുമവരും ഉണ്ണുന്നതുമുറങ്ങുന്നതും എണ്ണുന്നതും കൂട്ടുന്നതും കിഴിക്കുന്നതും നാളു പക്കം നോക്കുന്നതും ചിരിക്കുന്നതും കരയുന്നതും വീടു വയ്ക്കുന്നതും കാട്ടുകാട്ടുന്നതും കളി കാര്യമാക്കുന്നതും കുലിക്ക് പേശുന്നതും, അടിച്ചുപൊളിക്കുന്നതും... അങ്ങനെയങ്ങനെ അന്തി മുതൽ മുന്തി വരെയും ഇരുട്ടിൽ തപ്പിത്തടഞ്ഞു വിളക്ക് കത്തിച്ചും ചെയ്യുന്നതിൽ പലതും എഴുത്തച്ഛനിൽ നിന്ന് കിട്ടിയതല്ല. കൊടുങ്ങല്ലൂർക്കളരിയിലെ തമ്പുരാക്കന്മാരും പണ്ഡിറ്റ് കറുപ്പനെപോലെ തമ്പുരാൻ പദവിയില്ലാത്തവരും ഒരു പക്ഷേ, എഴുത്തച്ഛനെക്കാൾ മലയാളി പേശുന്ന ഭാഷയെ പോഷിപ്പിച്ചവരാണ്.

വാമൊഴിയിലൂടെ പകർന്നു കിട്ടിയ കഥകളും വികാരവിചാരങ്ങളുമാണ് ജീവത് ഭാഷയുടെ ഊർജം. കവിതകളും കഥകളും പിറക്കുന്നതും ആ ഭാഷയിൽ നിന്നാണ്.

'നിന്നോടെതിരോരു നൂറുനൂറായിരം
രജനിചരകുലപതികളായ്
ഞെളിഞ്ഞുള്ളോരു
രാവണന്മാരെതിർത്താലുമനാകുലം
നിയതുമതു മമ ചെറുവിരൽക്കുപോരാ...'

എന്ന ഹനുമാന്റെ പരിഹാസത്തിലെ 'നൂറുനൂറായിര'വും 'ഞെളിഞ്ഞിരി'ക്കലും 'ചെറുവിര'ലും എഴുത്തച്ഛന് കിട്ടിയത് ജനസാമാന്യത്തിന്റെ ഭാഷയിൽ നിന്നാണ്.

അങ്ങനെ പറയുമ്പോൾ വാമൊഴിയെ പോഷിപ്പിച്ചവരാവണം ശരിക്കും ഭാഷയുടെ പിതാക്കൾ. (ഭാഷയ്ക്കു പിതാവല്ല, പിതാക്കളാണുള്ളത്). ചന്തുമേനോനിൽ നിന്നോ, സി വിയിൽ നിന്നോ, ഗുണ്ടർട്ടിൽ നിന്നോ, ഭാഷാനാടകങ്ങളിൽ നിന്നോ ഭാഷാപിതാക്കളുടെ പരമ്പര തുടങ്ങുന്നുവെന്ന് പറയുന്നതല്ലെ ശരി?

**ഐശ്വര്യ പ്രേമരാജ്:** വാക്കിന്റെ ലാളിത്യം ഏറ്റവും നന്നായി വരച്ചു കാട്ടുന്ന ചിലരുണ്ട്. ചില കരങ്ങളുമുണ്ട്... സമൂഹത്തേയും, എന്തിന് പ്രപഞ്ചത്തെ തന്നെ ആഴത്തിൽ മനസിലാക്കി അത് ജനഹൃദയങ്ങളിലേക്ക് എത്തിച്ചവരിൽ പ്രമുഖനാണ് ശ്രീ. കെ. ആർ. ടോണി. വാക്കുകളിൽ മാന്ത്രികവലയം തീർത്ത് ജീവിതയാഥാർത്ഥ്യം അനുഭവിപ്പിക്കുക എന്നതാണ് ടോണിക്കവിതകളുടെ പ്രത്യേകത. സമൂഹത്തിന്റെ ചലനം മനസിലാക്കിയുള്ള വരികൾ, എല്ലാത്തിനും നല്ലതും ചീത്തയും എന്നിങ്ങനെ രണ്ടു വശങ്ങൾ ഉണ്ടെന്നുള്ള അവബോധം, ഏതൊരു നിസ്സഹായനും ഒരു നല്ല ദിവസം ഉണ്ടാകുമെന്ന ശുഭാപ്തി വിശ്വാസം എന്നിവകൊണ്ടു സമ്പന്നവുമാണ് കെ. ആർ. ടോണിയുടെ കവിതകൾ. ചരിത്രം വിളിച്ചോതുന്നവയാണ് തോറ്റം പാട്ടു, അതുപോലെ തന്നെ നമ്മുടെ സംസ്കാരത്തിന്റെ ചില തോറ്റ സാംസ്കാരികതയെയും കവി തന്റെ വരികളിൽ പരാമർശിക്കുന്നുണ്ട്. മനുഷ്യ മനസ്സുകളിൽ പുതു ചിന്ത ഉണർത്തുന്നവയാണ് ഇദ്ദേഹത്തിന്റെ കവിതകൾ. സാമൂഹികതയെയും, സാംസ്കാരികതയെയും തൊട്ടുണർത്തുന്ന വിരലുകൾക്ക്, മാനവ ചിന്തകളിൽ മാറ്റമുണ്ടാക്കാനും സാധിക്കുന്നുണ്ട്. അത്രത്തോളം ആഴമേറിയ സന്ദർഭങ്ങൾ ലഘുഭാഷാസാഹിത്യത്തിലാക്കി വായനക്കാരിൽ എത്തിച്ചതിന് നന്ദി.

**ഗായത്രി:** കെ. ആർ. ടോണിയുടെ കവിതകൾ വളരെ ആസ്വാദ്യകരമാണ്. ഇതിൽ 'ശിഷ്ടം' എന്ന കവിതയിൽ കൗതുകം കൗതുകം എന്ന പദപ്രയോഗം വായനക്കാരനെ ആകർഷിക്കുന്നു. ഈ കവിതയിലൂടെ ഇന്നത്തെ കാലത്തെ അവസ്ഥ കാണാൻ കഴിയുന്നു.

അതായത് എല്ലാ കാര്യവും അപ്രത്യക്ഷം.

'സഞ്ചി' എന്ന കവിതയിൽ ഉപയോഗിച്ച ഉപമകൾ വായനക്കാർക്ക് കൗതുകം ജനിപ്പിക്കുന്നു. സന്തോഷ് എന്ന പേര് ഉണ്ടായിട്ടും അർത്ഥം അറിയാത്ത അവസ്ഥ രസകരമായി വർണ്ണിക്കുന്നു. കവിതയിൽ ഉടനീളം കവിതയിൽ പരാമർശിച്ച വ്യക്തിയുടെ അവസ്ഥ പറയുന്നു.

'ഒരു പ്രതിസാഹിത്യവിചാരത്തി'ൽ ഒരു സാഹിത്യകാരന്റെ അവസ്ഥ കാണാൻ കഴിയുന്നു, രചിക്കുവാൻ ചിന്തകൾ വേണം തുടങ്ങിയ കാര്യങ്ങൾ പറയുന്നു. കൂടാതെ സാഹിത്യം വായനക്കാർക്ക് ആസ്വാദ്യകരമായിരിക്കണം എന്നും പറയുന്നു. 'അന്ധകാണ്ഡം' എന്നതിൽ ഈ കാലത്തെ മനുഷ്യരുടെ സ്വഭാവം കാണാൻ സാധിക്കുന്നു. തനിക്ക് ഗുണമുള്ളത് ലഭിക്കുവാൻ എന്തും ചെയ്യും എന്നുള്ള പ്രയോഗത്തിലൂടെ കാണാൻ സാധിക്കും. അവസാന വരികൾ വായിക്കുമ്പോൾ ജ്ഞാനപ്പാന ഓർമ്മ വരുന്നു.

'ഒരു തോറ്റ(ം)പാട്ട്' എന്നതിൽ ഒരു ബാറിലെ അവസ്ഥയും, ആളുകൾ മദ്യം കഴിക്കാൻ പോകുന്ന കാരണവും പറയുന്നു. ബാറിലെ പാട്ടും താളവും രസകരമായി പറയുന്നു. മദ്യ നിരോധനം നടപ്പാക്കാത്തതും ഇതിൽ പരാമർശിക്കുന്നു. ദൈവവും കൈവിട്ട മനുഷ്യരെ പാണ്ഡവരെ പോലെ എന്ന പ്രയോഗം വളരെ നന്നായിരിന്നു. 'സംസ്കാരം' എന്നതിൽ മരിച്ചു കഴിഞ്ഞാൽ മറ്റുള്ളവർ പറയുന്നതും കൂടാതെ സംസ്കാരചടങ്ങുകളും പ്രതിപാദിക്കുന്നു. 'തുള്ളൽ' എന്നതിൽ ഓരോ മനുഷ്യന്റെയും ഉള്ളിൽ ഒരു ബാധയുണ്ടാകും എന്നാണ് കവി പറയുന്നത്. അതു പോലെ തന്നെ ബാധയില്ലാത്തവനെ കൊണ്ടു ഒരു പ്രയോജനവും ഇല്ല എന്നും പറയുന്നു. ഒരു തോന്നൽ ഉണ്ടായാൽ മാത്രമാണ് ഒരു മനുഷ്യൻ എന്തെങ്കിലും ചെയ്യാൻ തയ്യാറാകുകയുള്ളൂ.

**ആവണി, കെ.:** മനുഷ്യ ജീവിതത്തിന്റെ ഓരോ അവസ്ഥകളും വ്യത്യസ്തമായി വിവരിക്കുന്ന കവിതകൾ ആണ് കെ. ആർ. ടോണിയുടേത്. ഒട്ടുമിക്ക കവിതകലിലും 'ഞാൻ' എന്ന സംബോധനയോടെയാണ് കവിതകൾ. ഇന്നത്തെ സമൂഹത്തിന്റെ അവസ്ഥകൾ മാറ്റങ്ങൾ ചിന്തകൾ എന്നിവയൊകെ വളരെ വ്യക്തമായി കവിതയിൽ പ്രതിപാദിച്ചിരിക്കുന്നു. കാലത്തിന്റെ മാറ്റങ്ങൾ മനുഷ്യനും പുത്തൻ ഉണർവ്വ് നൽകുന്നു. കൂടാതെ നമ്മുടെ കുറേ സംസ്കാരങ്ങളെ വളരെ വ്യക്തമായി തന്നെയാണ് ചിത്രീകരിച്ചത്. മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി അവൻ എന്തും ചെയ്യും എന്നും കവി പറയുന്നുണ്ട്. മനുഷ്യനും സമൂഹവും തമ്മിൽ ഉള്ള അന്തരം കുറവ് ആണെങ്കിലും ആ അന്തരം ചിലർക്കു കൂടുതൽ ആയിരിക്കും. ഒട്ടനവധി ആശയങ്ങൾ പകർന്നു നൽകാൻ ഈ കവിതകൾക്ക് സാധിച്ചിട്ടുണ്ട്.

**ഹേമ റോയ്:** കെ. ആർ. ടോണിയുടെ 'സംസ്കാരം' എന്ന കവിതയിൽ ഏതൊരു മനുഷ്യന്റെയും ഉള്ളിന്റെയുള്ളിൽ ഉണ്ടായേക്കാവുന്ന നിഗൂഢമായ ബോധത്തെ ആണ് ചിത്രീകരിച്ചിരിക്കുന്നത്. ഒരു മരണവാർത്തയറിഞ്ഞാൽ, 'ഞാനല്ലല്ലോ മരിച്ചത്' എന്ന സ്ഥായീഭാവത്തിലൂടെയാണ് കവിതയുടെ തുടക്കം. ജീവിച്ചിരിക്കുമ്പോൾ കിട്ടാത്ത പേരും പ്രശസ്തിയും മരണശേഷം ആ മൃതദേഹത്തിനു ലഭിക്കുന്നു. അന്ത്യശുശ്രൂഷ ചടങ്ങിൽ ഏതൊരാളിനെ പോലെ താനും ഇതൊക്കെ ചെയ്യേണ്ടത് ആണല്ലോ എന്ന അനുകരണശീലം ജനിക്കുന്ന ഒരാളിലൂടെയാണ് കവിത മുന്നോട്ടുപോകുന്നത്. 'കരുണ നടിച്ച' മനുഷ്യൻ അതിൽ രസം കണ്ടെത്തുകയാണ്. പൊതുവേ കാണപ്പെടുന്ന സാമൂഹിക 'സംസ്കാര'ത്തിന്റെ ഭാഗമായാണ് പിന്നീടുള്ള വരികൾ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. പാതിരിയുടെ പാട്ടു കേട്ടു പകുതി മരിച്ച കുറെ പെണ്ണുങ്ങളുടെയും ബോറടി മാറ്റുവാനായി മാന്യത നടിച്ചു മദ്യപിച്ചു എത്തിയവരുടെയും അനുകരണ ശീലത്തെ, സമൂഹത്തിന്റെ 'സംസ്കാര'മായും ധൂപക്കുറ്റി വീശി ശവമഞ്ചം എടുത്ത് പോകുന്നതിനെ മരണ 'സംസ്കാര'മായും പ്രതിപാദിക്കുന്നു...

'സംസ്കാരം' എന്നതിന് ഈ രണ്ടു അർത്ഥ ധ്വനികൾ ആണ് കവിതയിൽ ഉള്ളത്. ആയുസ്സിന് ദൈർഘ്യം കുറഞ്ഞുവരുന്ന മനുഷ്യന് മൃതശരീരത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ മാത്രം തോന്നുന്ന ഒരു പ്രത്യേകതയാണ് ചുറ്റുപാടുമുള്ളവയെ അതിസൂക്ഷ്മമായി മനസ്സിലേക്ക് പറിച്ചു വയ്ക്കുക എന്നത്. ചുറ്റുപാടുമുള്ളതൊക്കെ നഷ്ടപ്പെട്ടേക്കാം എന്ന തോന്നലാണ് ഇങ്ങനെയൊരു നിർവ്വികാരത്തിനു കാരണം. കവിതയുടെ അവസാന ഭാഗം വ്യക്തമാക്കുന്നവയാണ് ഇവ.

മാനുഷിക വികാരങ്ങൾ അതിതീവ്രതയോടെയും നർമ്മത്തോടെയും ജനമനസ്സുകളിലേക്ക് കുത്തിവയ്ക്കുവാൻ ഉള്ള സൂചിമുന പോലെയാണ് കെ. ആർ. ടോണി സാഹിത്യത്തെ ഉപയോഗപ്പെടുത്തുന്നത്.

**കെ. സച്ചിദാനന്ദൻ:** മധുവിന്റെ ലേഖനം പതിവുപോലെ ഓർമ്മകളിലും ചരിത്രത്തിലും കലകളിലും കൂടി സഞ്ചരിച്ച് സൗന്ദര്യത്തിന്റെ രാഷ്ട്രീയം വെളിവാക്കുന്നു. അയ് വേയി വേയിയുടെ കുറച്ചു ചിത്രങ്ങളും ഇൻസ്റ്റലേഷനുകളുമേ നേരിട്ടു കണ്ടിട്ടുള്ളു. എന്നാൽ ആ കലയുടെ രാഷ്ട്രീയം നന്നായറിയാം. കഴിഞ്ഞ വർഷങ്ങളിൽ ഞാൻ വായിച്ച പല നോവലുകളും ചൈനയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും മാത്രമല്ല എന്റെ നാലു ചൈനാ സന്ദർശനങ്ങളും ചൈനയുടെ വിപ്ലവാനന്തരവിപരിണാമത്തിന്റെ ക്രൂരതയും കൗശലവും എന്നെ വ്യക്തമായി ബോദ്ധ്യപ്പെടുത്തി. കവികൾ വിപ്ലവകാലത്ത് വിപ്ലവത്തിനായി പാടുന്നു, വിപ്ലവം കഴിഞ്ഞാൽ സൈബീരിയയിലേയ്ക്കു നാടുകടത്തപ്പെടുന്നു എന്നും, ഉദിച്ച നക്ഷത്രങ്ങളെല്ലാം ഏതോ രാജാവിന്റെ പിറന്നാളായിരുന്നുവെന്നും ഞാനെഴുതിയത് പ്രസിദ്ധമായ എഴുപതുകളിൽ തന്നെയാണ്. റഷ്യയും ചൈനയും അതിന്റെ രണ്ടുദാഹരണങ്ങൾ മാത്രം. ആ വിപ്ലവങ്ങളുടെ പിറകിലുണ്ടായ ഇച്ഛാശക്തിയെയും വികാരത്തെയും ഇന്നും ഞാൻ മാനിക്കുന്നു. എന്നാൽ ഭരണകൂടം എന്ന ഭീകര സംവിധാനത്തിന്റെ വരവോടെ ജനങ്ങൾ അധികാരത്തിന്റെ ഏണിപ്പടികളായി വലിച്ചെറിയപ്പെടുന്നു. കലാകാരന്മാർ എന്നും പ്രതിപക്ഷത്താണെന്ന സത്യം അയ് വേയി വേയി ഒന്നുകൂടി ഉറപ്പിക്കുക മാത്രമാണ്.

**കെ. വിനോദ് ചന്ദ്രൻ:** നേരിടലിന്റെ കല.

അയ് വേയി വേയിയുടെ കലയിലൂടെ മധു സഞ്ചരിക്കുമ്പോൾ, ലോകകലയുടെ, ലോകചരിത്രത്തിന്റെ, ചിന്തയുടെ, നേരിടലിന്റെ, നിരവധി നിർണ്ണായക നിമിഷങ്ങളിലൂടെ, നാം കടന്നു പോകുന്നു. നിരവധി കലാസൃഷ്ടികൾ, സമരകാലങ്ങൾ, സൂക്ഷ്മതീക്ഷ്ണ രാഷ്ട്രീയങ്ങൾ ആ യാത്രയിൽ സന്ധിക്കുന്നു. ഭരണകൂടങ്ങൾ കലയെ കലാകാരനെ, കലാശില്പങ്ങളെ, സ്റ്റുഡിയോകളെ പൂക്കളെ, സംഹരിക്കുവാൻ ശ്രമിക്കുന്നതും സംഹാരം കലയാക്കി മാറ്റുന്നതും, ഭരണകൂടത്തിന്റെ—അധികാരത്തിന്റെ—സംഹാരാത്മകതയെ, ഹിംസയെ, ചിരിയും രോഷവും സ്വപ്നവും ഉരുക്കിച്ചേർത്ത സൗന്ദര്യശില്പങ്ങളുടെ ചക്രായുധങ്ങളിലൂടെ കലാകാരൻ പ്രത്യാക്രമിക്കുന്നതും ഒരു ഹൊറർ സിനിമയിലെന്നപോലെ നാം കാണുന്നു.

'നൂറുപുഷ്പങ്ങൾ വിടരട്ടെ' എന്നാശീർവദിച്ച, പുഷ്പങ്ങളെ താലോലിച്ച, വിപ്ലവത്തിന്റെ ചെയർമാൻ മാവോ, പുഷ്പങ്ങളുടെ വംശഹന്താവാകുന്നതും, സാംസ്കാരികവിപ്ലവം പൂക്കളുടെ ചുടലയാവുന്നതും അതേസമയം ചെയർമാന്റെ ആജ്ഞകൾ ലംഘിച്ചുകൊണ്ട് ചൈനയിൽ പരമരഹസ്യമായി പുഷ്പങ്ങൾ വിടർന്നുവരുന്നതും മധുവിന്റെ തീക്ഷ്ണദർശിനികൾ നമുക്ക് കാട്ടിത്തരുന്നുണ്ട്. മൈക്കലാഞ്ചലോ അന്റോണിയോണിയുടെയും (Chung ko cina) റോബർട്ട് ബ്രസ്സണിന്റെയും (Money) മിനിമൽ സിനിമകൾ, ബൽസാക്ക് കഥയിലെ രഹസ്യമതിലുകൾ, കെ. ജി. എസ്സിന്റെ സൈക്കിൾ സമസ്യകൾ ("കഴുതകളായി നടിക്കേണ്ടി വന്ന കുതിരകൾ"), അറ്റുപോയ പാറച്ചിറകുകൾ തിരയുന്നവന്റെ എതിർപ്രബുദ്ധതകൾ, ("ഫോസിൽ") സീഗോ വെർത്തോവിന്റെ പരീക്ഷണ സിനിമകൾ, അയ് വേയി വേയിയുടെ ചിത്രങ്ങൾ, സിനിമകൾ, ഇൻസ്റ്റലേഷനുകൾ, ഫോട്ടോകൾ എന്നിങ്ങനെ ലോകകലയുടെ നേരിടൽ മുഹൂർത്തങ്ങളെ വിന്യാസം ചെയ്തുകൊണ്ട് കലയുടെ രൗദ്ര രാഷ്ട്രീയമെന്തെന്ന് അനുഭവപ്പെടുത്തുന്നു മധുവിന്റെ ലേഖനം.

ചിങ്ങ് രാജവംശകാലത്തെ പോർസലെൻ പാത്രങ്ങൾ വിലകുറഞ്ഞ ചായങ്ങൾ മുക്കി ഗ്യാലറികളിൽ പ്രദർശിപ്പിച്ചും, കൂടുതൽ വിലയുള്ളവ കാണികളുടെ മുന്നിൽ വച്ച് നിലത്തെറിഞ്ഞ് പൊട്ടിച്ചും, ഭരണകൂടം തന്റെ സ്റ്റുഡിയോ ഇടിച്ചു നിരത്തുന്ന ദൃശ്യങ്ങൾ ഇന്റർനെറ്റിലൂടെ ഫോട്ടോഗ്രാഫുകളായും വീഡിയോദൃശ്യങ്ങളായും പ്രക്ഷേപണം ചെയ്തും, ആയിരക്കണക്കിന് വിദ്യാർഥികൾ കശാപ്പു ചെയ്യപ്പെട്ട ടിയാനന്മൻ സ്ക്വയറിനു നടുവിൽ മാവോവിന്റെ ചിത്രത്തിനുമുന്നിൽ കലാകാരിയായ തന്റെ ഭാര്യ തുണി പൊക്കിക്കാട്ടുന്ന ഫോട്ടോഗ്രാഫെടുത്തും ഭരണകൂടത്തിനെതിരേ വിഭിന്ന സമരമുറകൾ പരീക്ഷിക്കുകയാണ് അയ് വേയി വേയി. കലാകാരനും ഭരണകൂടവും തമ്മിൽ കാലാകാലങ്ങളായി തുടർന്നു പോരുന്ന വംശീയ യുദ്ധത്തിന്റെ ചലച്ചിത്രമാവുന്നു മധുവിന്റെ ലേഖനം.

ഭരണകൂടവും ഭരണകൂടകലയും (stately art) ഒരു വശത്ത്. ഭരണകൂടവിരുദ്ധവും ജനകീയവുമായ കല മറുവശത്ത്. ഭരണകൂടസ്വരൂപങ്ങൾ നായകരായ ഭരണകല ഒരു വശത്ത്. ജനങ്ങൾ നായകരായ എതിർകല മറുവശത്ത്. ഒന്ന് സംഹാരത്തെ കലയാക്കി മാറ്റൽ, മറ്റേത് സംഹാരകലയെ സംഹരിക്കൽ, ഭരണകൂടകലയെ താഴെയിട്ടുടയ്ക്കൽ, പുതിയ കാലത്തെ ലോകത്തെ സൃഷ്ടിക്കൽ, ഭാവിയുടെ വിത്ത് വാരി വിതറൽ. ഒന്ന് ഓർമ്മകളെ ഇല്ലാതാക്കുന്ന ആഭിചാരകല. മറ്റേത് ഓർമ്മകളെ പുനരുജ്ജീവിപ്പിക്കുന്ന ബദൽ-ആഭിചാര കല. ഒരിടത്ത് സ്റ്റുഡിയോ അടിച്ചു നിരത്തൽ, പൊളിക്കൽ. മറുഭാഗത്ത് ഈ പൊളിക്കൽ ദൃശ്യത്തെ ജനങ്ങളിലേക്ക് പ്രക്ഷേപണം ചെയ്യൽ. ഭൂകമ്പങ്ങൾക്കും ദുരന്തങ്ങൾക്കും ഇരയായവരോട് "സോ സോറി" എന്ന് ഭരണകൂടം. ഭൂകമ്പത്തിനടിയിൽപ്പെട്ടവരുടെ ഓർമ്മകളെ പുനരുജ്ജീവിപ്പിച്ച് കൊണ്ട് 'സോ സോറി' എന്ന് കലാകാരന്റെ തീക്ഷ്ണമായ പാരഡി.

സിച്ചുവാൻ ഭൂകമ്പത്തെ ആസ്പദമാക്കിയുള്ള അയ് വേയിയുടെ ഇൻസ്റ്റലേഷനെ പരിചയപ്പെടുത്തുന്നു മധു. മരണമടഞ്ഞ കുട്ടികൾ ഉപയോഗിക്കുന്നതരത്തിലുള്ള ഒൻപതിനായിരം സ്കൂൾ ബാഗുകൾ കൊണ്ട് ഗ്യാലറി നിറയ്ക്കുന്നു അയ് വേയി വേയി എന്ന വിശ്വോത്തരകലാകാരൻ. വന്മതിലുകളുടെ രാവണൻ കോട്ടകൾക്കുള്ളിൽ മണ്ണറഞ്ഞ കുട്ടികളുടെ പേരുകൾ സ്പന്ദിക്കുന്നു.

സെല്ലുലോയിഡ് കൊണ്ട് കവിതയും, ചടുലചലനം കൊണ്ട് സംഗീതവും തീർത്ത സീഗോവെർത്തോവ് എന്ന മഹാ പ്രതിഭയെ നാം തൊടുന്നു. സ്റ്റാലിൻ ആ ചലനചിത്രത്തെ സ്റ്റിൽഫോട്ടോഗ്രാഫിയാക്കിയെന്നും ചലനം നിലച്ച ആ മഹാ സിനിമ 1954 മരണം വരിച്ചെന്നും മധു. മാവോ പറയുന്നു: "ഞാൻ സൂര്യനാണ്, ചൈനയിലെ തൊണ്ണൂറു കോടി ജനങ്ങൾ സൂര്യകാന്തിപ്പൂക്കളായി എന്നിലേക്ക് തിരിഞ്ഞു നിൽക്കുന്നു". മറുപടിയായി അയ് വേയി വേയി ആയിരത്തി അറുന്നൂറു പോർസലെൻ കരകൗശലവിദഗ്ധർ രണ്ട് വർഷം കൊണ്ട് പണിയെടുത്തു നിർമ്മിച്ച കോടികൾ എണ്ണം വരുന്ന പോർസലെൻ സൂര്യകാന്തി വിത്തുകൾ ഗ്യാലറികളിൽ പ്രദർശിപ്പിക്കുന്നു. ദാരിദ്ര്യത്തിലും വിസ്മൃതിയിലുമായിരുന്ന ചൈനയിലെ കരകൗശകലക്കാർ സൂക്ഷ്മമായി പണിയെടുത്ത് നിറം കൊടുത്ത ഭാവിയുടെ വിത്തുകൾ. വിത്തുകളുടെ രാഷ്ട്രീയത്തിലേക്ക് അയാൾ നമ്മെ വിളിക്കുന്നു: വരൂ സൂര്യകാന്തി വിത്തുകളുടെ കൊച്ചു സമുദ്രത്തിൽ നമുക്ക് നീന്തിത്തുടിക്കാം".

ചൈനീസ് ഭരണകൂടത്തിന്റെ സമഗ്രാധിപത്യത്തിൽ നിന്ന് രക്ഷപ്പെടാനാണ് താൻ ആർട്ടിസ്റ്റായെന്ന് പ്രസ്താവിക്കുന്ന അയ് വേയി വേയിയെ ഗൊദാർദിന്റെ വംശത്തിൽപ്പെട്ടയാളെന്ന് പരിചയപ്പെടുത്തുന്നു മധു. കലയെ രാഷ്ട്രീയമാക്കുവാൻ ആഹ്വാനം ചെയ്യുന്ന മറ്റൊരു മഹാകലാകാരൻ.

'ബൈസിക്കിൾ ഇൻസ്റ്റലേഷനി'ൽ ബാല്യകാല ഓർമ്മകളുടെ സ്വൈരസവാരി. അതിൽ കെ. ജി. കവിതയിലെ ചവറ-ശൂരനാട്ടു സൈക്കിളുകളും കൂട്ടിക്കെട്ടുന്നു മധു. സൈക്കിളുകൾക്കുമേൽ സൈക്കിളുകൾ വച്ച് പടുത്തുയർത്തിയ സൈക്കിൾ ബാബേൽ. ഗുരുത്വാകർഷണം ലംഘിച്ച് ആകാശചാരികളാകുന്ന സൈക്കിൾ വംശങ്ങൾ. കെ. ജി. എസ്സിന്റെ കവിതയിലെന്ന പോലെ സൈക്കിളുകളുടെ അനാട്ടമി. സ്വതന്ത്ര്യത്തിന്റെ സ്പീഡ്, സ്വച്ഛന്ദസവാരിയുടെ എതിർ-ദർശനം, എതിർ ദർശനത്തിന്റെ സ്വച്ഛന്ദ സവാരി. കാഴ്ചക്കുഴലുകളായി വിടരുന്ന സൈക്കിൾ ചക്രങ്ങളുടെ പരമ്പരകൾ. ഊർജ്ജത്തിന്റെ സൂക്ഷ്മ ചിഹ്നങ്ങൾ കൊണ്ട് പണിത സൈക്കിൾ സൗധങ്ങൾ.

അയ് വേയി വേയിയുടെ "Feng Zhengu വീട്ടിലേക്ക് തിരിച്ചു വരുന്നു" എന്ന സിനിമയെയും ലേഖകൻ പരാമർശിക്കുന്നുണ്ട്. വിമാനത്താവളത്തിൽ നിന്ന് ഫെങ് ഴെങ്ങുവിന്റെ വീട്ടിലേക്കുള്ള വരവ് നിയമക്കുരുക്കുകളിൽ കുരുങ്ങി, അഴിമതികളുടെയും ഫയലുകളുടെയും ബൂട്ടുകളുടെയും മിശ്രിതം നിർമ്മിക്കുന്ന ചുഴികളാൽ തടയപ്പെടുന്നതാണ് പ്രമേയം. എട്ടുതവണ ആ ചുഴിയിൽപ്പെട്ടു നട്ടം തിരിഞ്ഞ ഫെങ്ങ് അവയെയെല്ലാം അതിജീവിച്ച് ഒടുവിൽ വീട്ടിലെത്തുന്നു. അന്തർദ്ദേശീയവിമാനത്താവളത്തിൽ നിന്ന് വീട്ടിലേക്കെത്തുവാനുള്ള വഴിയുടെ ദൂരം ഭൂഖണ്ഡാന്തര അകലങ്ങളെയും അതിക്രമിക്കുന്നു എന്ന ചൈനീസ് സത്യാനുഭവം.

ജെർമനിയിലെ മ്യൂസിയത്തിൽ അയ് വേയി വേയിയുടെ കലാപ്രദർശനം കാണുമ്പോൾ അതിലെ അന്ധകാരത്തിൽ നിന്നിരുന്ന മനുഷ്യമുഖങ്ങളിലൊന്ന് ഇലക്ട്രിക്ക് ബൾബിന്റെ വെളിച്ചത്തിൽ തെളിഞ്ഞുവരുന്നു. അത് പെട്ടെന്ന് തന്റെ കൗമാര സുഹൃത്തായ പ്രതാപനാണെന്ന് മധു തിരിച്ചറിയുന്നു. ആദ്യത്തെ രൂപം ആവേശത്തോടെ മുദ്രാവാക്യം വിളിക്കുന്ന ആദികമ്യൂണിസ്റ്റ്, പിന്നെ രൂപാന്തരം സംഭവിച്ച നക്സലൈറ്റ്. ശാസ്തമംഗലം ക്യാമ്പിൽ നിന്ന് "കിലുങ്ങുന്ന നെഞ്ച് പൊത്തിപ്പിടിച്ച് തകർന്നകണ്ണും, ചിതറുന്ന നോട്ടവുമായി തിരിച്ചു വരുന്ന ചിത്രം (കെ. ജി. എസ്സ്, "ഫോസിൽ") അതിനെല്ലാം ശേഷം പഴയ ഒരു കൊടി ചാരിവച്ച പെട്ടിക്കടയ്ക്കു മുന്നിൽ, നരചിതറി, മലിനവസ്ത്രധാരിയായി, മീനച്ചൂടിൽ വിയർത്ത് പെപ്സിക്കോള കുടിക്കുന്ന ദീനനായ സഖാവിന്റെ ദൃശ്യം. മലയാളി വിപ്ലവകാരിയുടെ ജാതക കഥകൾ ആ മൂന്നു ദൃശ്യങ്ങളിൽ ഉത്ഥാനം ചെയ്യുന്നു. കലാകാരനും, കാഴ്ചക്കാരനും കലാസൃഷ്ടിയും തമ്മിലുള്ള പാരസ്പര്യത്തിൽ ദേശകാലങ്ങളുടെ ചരിത്രങ്ങളുടെ, ഴോണറുകളുടെ അതിർത്തികൾ കൊഴിഞ്ഞുവീഴുകയാണ്. നേരിടലിന്റെ ആഗോള-നാട്ടു നേരങ്ങൾ, കലകൾ, അന്യോന്യം പകർന്നാടി ഒന്നുമറ്റൊന്നിലേക്ക് പെരുകുന്നു. ഈ പെരുകലാണ് കലയുടെ തീക്ഷ്ണരാഷ്ട്രീയരഹസ്യം എന്ന് നാമറിയുന്നു.

മധുവിന്റെ ലേഖനങ്ങൾ നിരവധി ഴോണറുകളെ ഏകോപിപ്പിക്കുന്ന ഒരു പുതിയ കലാരൂപത്തെ, ആഖ്യാനരൂപത്തെ മുന്നറിയിക്കുന്നതായി തോന്നുന്നു.—ലേഖനം, ആലേഖനം, പ്രതിഷ്ഠാപനകല, കഥ, നോവൽ, കവിത, പെയിന്റിംഗ്, തത്വചിന്ത, ഫോട്ടോഗ്രാഫി, സിനിമ, ചിന്താചരിത്രം, എന്നീ വിവിധ ഴോണറുകളെ, ഈ ഴോണറുകളിലെ ഏറ്റവും തീക്ഷ്ണമായ രചനകളെ, ഏകോപിപ്പിക്കുന്ന ഒരു പുത്തൻ ലേഖനാലേഖനകല. മധുവിനും സായാഹ്നയ്ക്കും അഭിവാദ്യങ്ങൾ.

## ഷാഹിന, ഇ. കെ.: അവനവൾ

**സി. റ്റി. മുരളി:** നമ്മളൊക്കെ ശരിക്കും മനസ്സിന്റെ അടിത്തട്ടിൽ എത്രത്തോളം യാഥാസ്ഥിതികരാണ് എന്ന് നമ്മളെ മനസ്സിലാക്കിക്കാൻ മുഖത്തിനുനേരെ പിടിച്ച കണ്ണാടി. മലയാളിയുടെ ഉപബോധമനസ്സിൽ രൂഢമൂലമായ പരമ്പരാഗത യുക്തിസഹമല്ലാത്ത വിശ്വാസമൂല്യങ്ങളുടെ സ്വാധീനത്തെ വിദ്യാഭ്യാസം കൊണ്ടും ചിന്തകൾ കൊണ്ടും എത്രമേൽ മറികടന്നു എന്ന് ഉദ്ഘോഷിച്ചാലും, 'അണ്ടിയോടടുക്കുമ്പോഴാണ് മാങ്ങയുടെ പുളി' മനസ്സിലാവുക. മഹദ്ചിന്തകൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ നാമോരോരുത്തരും തിരിച്ചറിയുന്ന കാര്യം. "കനത്ത മേക്കപ്പിനുള്ളിലും മാഞ്ഞുപോകാൻ കൂട്ടാക്കാത്ത പച്ചഞരമ്പ്"ക്ക് അയൽപക്കത്ത് സ്വാഗതം, സ്വന്തം വീട്ടിൽ, ങ്ഹേഹെ.

എല്ലാവർക്കുമായി എഴുതി.

സ്വകാര്യ ലോകം കെട്ടിപ്പടുത്ത മകനോട് അസഹ്യമായ "നിന്ദ" തോന്നി.

ഈ "നിന്ദ" മൊത്തം കഥയുടെ മനോഹരമായ ഒഴുക്ക് തടയുന്ന ഒരു കല്ലുപോലെ തോന്നി.

ചിന്തോദ്ദീപകം. മനസ്സിൽ ഒരു അശാന്തിയുടെ ബീജാവാപം. ആസ്വദിച്ചു.

## വി. ആർ. സന്തോഷ്: അരാജകത്വത്തിന്റെ പൊയ്മുഖം

**കെ. സച്ചിദാനന്ദൻ:** ഷെല്ലിയുടെ കവിതയുടെ ശക്തി–ചൈതന്യങ്ങൾ സന്തോഷിന്റെ ഭാഷ ആവാഹിച്ച് കുടിയിരുത്തുന്നുണ്ട്. ഛന്ദസ്സിലുള്ള കവിത ഛന്ദസ്സിലും അല്ലാത്തവ ഉചിതമായ ഗദ്യരൂപങ്ങളിലും സ്വതന്ത്ര പദ്യരൂപങ്ങളിലും പരിഭാഷപ്പെടുത്തുകയാണ് എന്റെ രീതിയെങ്കിലും പഴയകവിതയെ സമകാലീനമാക്കുന്ന രീതിയും ന്യായമാണ്. പുതിയ കവിതയെ പഴയതാക്കുന്നതിനോട് യോജിക്കുന്നില്ലെന്നേയുള്ളൂ. നെരൂദയെ ശ്ലോകമാക്കും പോലെ.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** ഇതുവരെ പ്രസിദ്ധീകരിച്ച ഫോൺ പതിപ്പുകളുടെ (277) കാറ്റലോഗ് ഇവിടെ: http://books.sayahna.org/ml/pdf/releases-oct-20.pdf

ഡൗൺലോഡ് കണ്ണികളും ലഭ്യമാണ്, ഏതിലെങ്കിലും പ്രശ്നമുണ്ടെങ്കിൽ അറിയിക്കുക.

(നവംബർ 1 മുതൽ 7 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014